# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2658** 02/04/2013 **ൽ മറുപടിക്ക്**

**കേരള സംസ്ഥാന ഓപ്പൺസ്കൂളിൽ രജിസ്ട്രേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ഇ.ചന്ദ്രശേഖരൻ<br>,, ജി.എസ്.ജയലാൽ<br>,, പി.തിലോത്തമൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) 2011-2012 -ൽ കേരള സംസ്ഥാന ഓപ്പൺ സ്കൂളിൽ എത്ര വിദ്യാർത്ഥികൾ രജിസ്ട്രേഷൻ നടത്തി; ഇതിൽ എത്ര വിദ്യാർത്ഥികൾക്ക് റഗുലർ കോഴ്സിൽ പ്രവേശനം ലഭിച്ചു; | എ) 2011-2012 -ൽ 87,512 വിദ്യാർത്ഥികൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഇതിൽ 2012 നവംബർ മാസം 30 വരെ 5679 വിദ്യാർത്ഥികൾക്ക് റഗുലർ കോഴ്സിൽ പ്രവേശനം ലഭിച്ചു; |
| ബി) റഗുലർ കോഴ്സിലേയ്ക്ക് മാറിയ വിദ്യാർത്ഥികൾക്ക് ഫീസ് മടക്കി നൽകിയിട്ടുണ്ടോ; എങ്കിൽ ഫീസ് മടക്കി നൽകുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാം; | ബി) ഉണ്ട്. ഫീസ് മടക്കി നൽകുവാനുള്ള വിദ്യാർത്ഥികളെ കത്ത് മുഖാന്തിരവും പത്ര മാധ്യമങ്ങൾ മുഖേനയും നിശ്ചിത തീയതിയിൽ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുമായി അതാത് ജില്ലാ കേന്ദ്രങ്ങളിൽ നേരിട്ട് ഹാജരായി ഫീസ് തുക കൈപ്പറ്റണമെന്ന് അറിയിപ്പ് നൽകിയ ശേഷം അക്കാഡമിക് കോഡിനേറ്റർമാരെ നിയോഗിച്ച് ഫീസ് തുകകൾ മടക്കി നൽകുകയുണ്ടായി. |
| സി) ഈ വിദ്യാർത്ഥികൾക്ക് ഫീസ് മടക്കി നൽകിയതിൽ എന്തെങ്കിലും തിരിമറി നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ തിരിമറിയാണ് നടന്നത്; ഇതിനുത്തരവാദികളായവരുടെ പേരിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | സി) ഇല്ല. |

സെക്ഷൻ ഓഫീസർ.